# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

## 14 – ാം പഞ്ചവത്സര പദ്ധതി

## 2022 - 2027

### നവകേരളത്തിന് ജനകീയാസൂത്രണം
### ഗ്രാമപഞ്ചായത്ത് വികസന പദ്ധതി

# അന്തിമ പദ്ധതി രേഖ
# 2026 – 2027

# ആമുഖം

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ അവസാന വർഷമായ 2026 – 27 വർഷത്തെ കരട് പദ്ധതി രേഖ തയ്യാറാക്കിയത് അംഗീകാരത്തിനായി സമർപ്പിക്കുകയാണ്. പുതുതായി അധികാരമേറ്റ ഭരണസമിതിയുടെ ആദ്യ പദ്ധതിയാണ്.

പദ്ധതി രൂപീകരണത്തിനായി പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ഭരണസമിതി യുടെ നന്ദി അറിയിക്കുന്നു. പഞ്ചായത്തിന്റെ പൊതുനന്മയ്ക്ക് ഉതകുന്ന കർമ്മ പദ്ധതി നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് നൽകിയിരുന്നു. വാർഡ് തലത്തിൽ നിർവഹിക്കേണ്ട എല്ലാ പദ്ധതി പ്രവർത്തനങ്ങളും ഗ്രാമസഭ വഴി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും പഞ്ചായത്തിന് ലഭ്യമാകുന്ന വിഭവസ്രോതസ്സ് പരിമിതമായതിനാൽ നിർദ്ദേശിക്കപ്പെട്ട എല്ലാ പദ്ധതികളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല. മുൻഗണനാ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത പദ്ധതികളാണ് ഉൾപ്പെടുത്തുന്നത്.

2026 – 27 വാർഷിക പദ്ധതി അന്തിമമാക്കി, സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിങ്ങൾ ഓരോരുത്തരുടെയും നിസ്സീമമായ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജെർളി കപ്രശ്ശേരി**
പ്രസിഡന്റ്,
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

പുതുവാശ്ശേരി
24-02-2026



# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | **ജെർളി കപ്രശ്ശേരി**<br>വാഴപ്പിള്ളി ഹൗസ്,<br>കപ്രശ്ശേരി, നെടുമ്പാശ്ശേരി പി. ഒ.<br>പിൻ – 683 585 | വാർഡ്<br>VII | 9847661337<br>9496045846 |  |
| വൈസ് പ്രസിഡന്റ് | **സജീന എ.എച്ച്.**<br>ചന്ദ്രത്തിൽ ഹൗസ്,<br>പുറയാർ, ദേശം പി. ഒ.<br>പിൻ – 683 102 | വാർഡ്<br>XIV | 8547955855 |  |
| ചെയർമാൻ<br>വികസന<br>സ്റ്റാന്റിംഗ് കമ്മിറ്റി | **പുഷ്പൻ സി.**<br>മഞ്ഞളിതെറ്റയിൽ ഹൗസ്,<br>ചെങ്ങമനാട്, ചെങ്ങമനാട് പി. ഒ.<br>പിൻ – 683 578 | വാർഡ്<br>IV | 9249289461 |  |
| ചെയർമാൻ<br>ആരോഗ്യവും –<br>വിദ്യാഭ്യാസവും<br>സ്റ്റാന്റിംഗ് കമ്മിറ്റി | **ഷിഹാബ് കെ.എ.**<br>കുന്നത്ത് ഹൗസ്,<br>പാലപ്രശ്ശേരി, ചെങ്ങമനാട് പി. ഒ.<br>പിൻ – 683 578 | വാർഡ്<br>I | 9847420035 |  |
| ചെയർപേഴ്സൺ<br>ക്ഷേമകാര്യ<br>സ്റ്റാന്റിംഗ് കമ്മിറ്റി | **ഗായത്രി വാസൻ**<br>പേരാമ്പറ്റ് ഹൗസ്,<br>തുരുത്ത്, ആലുവ പി. ഒ.<br>പിൻ – 683 101 | വാർഡ്<br>XII | 9846086875 |  |
| മെമ്പർ | **സത്യൻ എം.ജി.**<br>മനയത്ത്പറമ്പ് ഹൗസ്,<br>ചെങ്ങമനാട് പി. ഒ.<br>പിൻ – 683 578 | വാർഡ്<br>II | 9961439082 |  |
| മെമ്പർ | **വിജിത വിനോദ്**<br>കോഴിപ്പുറത്ത് ഹൗസ്,<br>ചെങ്ങമനാട് പി. ഒ.<br>പിൻ – 683 578 | വാർഡ്<br>III | 9847794337 |  |

# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി

| | | | | |
|---|---|---|---|---|
| മെമ്പർ | **അശ്വതി മഹേശ്വരൻ**<br>മഠത്തിപ്പറമ്പിൽ ഹൗസ്,<br>പുതുവാശ്ശേരി,<br>നെടുമ്പാശ്ശേരി പി.ഒ.<br>പിൻ – 683 585 | വാർഡ്<br>V | 9747889070 |  |
| മെമ്പർ | **ഹുസൈൻ കല്ലറക്കൽ**<br>കല്ലറക്കൽ ഹൗസ്,<br>പറമ്പയം, നെടുമ്പാശ്ശേരി പി.ഒ.<br>പിൻ – 683 585 | വാർഡ്<br>VI | 9633242243 |  |
| മെമ്പർ | **ആർ. സുനിൽ കുമാർ**<br>അമ്പാട്ട് ഹൗസ്,<br>കപ്രശ്ശേരി, നെടുമ്പാശ്ശേരി പി.ഒ.<br>പിൻ – 683 585 | വാർഡ്<br>VIII | 9446513319<br>8157083319 |  |
| മെമ്പർ | **സി.പി. പ്രമോദ് കുമാർ (രഘു)**<br>ചൂരംപിള്ളിൽ ഹൗസ്,<br>കപ്രശ്ശേരി, നെടുമ്പാശ്ശേരി പി.ഒ.<br>പിൻ – 683 585 | വാർഡ്<br>IX | 8330066331<br>9349270331<br>9895290331 |  |
| മെമ്പർ | **അൽഫോൻസ ജോൺസൺ**<br>കുറിയേടൻ ഹൗസ്,<br>നെടുവന്നൂർ, ചൊവ്വര പി.ഒ.<br>പിൻ – 683 571 | വാർഡ്<br>X | 9400174925 |  |
| മെമ്പർ | **പി.എം.എ. ഷെരീഫ് ഹാജി**<br>പേലിൽ ഹൗസ്,<br>തുരുത്ത്, ആലുവ പി.ഒ.<br>പിൻ – 683 101 | വാർഡ്<br>XI | 9446633889 |  |
| മെമ്പർ | **സുനിത മാഹിൻ**<br>ഇടപ്പിള്ളി അകത്തൂട്ട് ഹൗസ്,<br>പുറയാർ, ദേശം പി.ഒ.<br>പിൻ – 683 102 | വാർഡ്<br>XIII | 9745487893 |  |

## ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി

| | | | | |
|---|---|---|---|---|
| മെമ്പർ | **ഗിരിജ ഗോപകുമാർ**<br>ഏഴിക്കോട് ഹൗസ്,<br>ദേശം പി.ഒ., ആലുവ<br>പിൻ - 683 102 | വാർഡ്<br>XV | 9526973942 |  |
| മെമ്പർ | **പി.എൻ. സിന്ധു**<br>സാകേതം, പൊട്ടക്കുഴി മന<br>ദേശം പി.ഒ., ആലുവ<br>പിൻ - 683 102 | വാർഡ്<br>XVI | 9495472439 |  |
| മെമ്പർ | **പി.ആർ. രാജേഷ്**<br>പാറക്കുഴി ഹൗസ്<br>ദേശം പി.ഒ., ആലുവ<br>പിൻ - 683 102 | വാർഡ്<br>XVII | 9847020478 |  |
| മെമ്പർ | **ലത ഗംഗാധരൻ**<br>വളപ്പിൽ ഹൗസ്<br>ദേശം പി.ഒ., ആലുവ<br>പിൻ - 683 102 | വാർഡ്<br>XVIII | 9961204598 |  |
| മെമ്പർ | **ജിനി എ.ഡി.**<br>തെറ്റാലിൽ ഹൗസ്<br>കണ്ടൻതുരുത്ത്<br>ചെങ്ങമനാട് പി.ഒ.<br>പിൻ - 683 578 | വാർഡ്<br>XIX | 9544150205 |  |
| സെക്രട്ടറി | **ശ്രീമതി ഷീല ടി.പി.** | | 9498045847 |  |

| | | |
|---|---|---|
| പാർലമെന്റ് അംഗം | : | ശ്രീ. ബെന്നി ബഹനാൻ |
| നിയമസഭാംഗം | : | ശ്രീ. അൻവർ സാദത്ത് |
| ജില്ലാ പഞ്ചായത്തംഗം | : | ശ്രീമതി ശ്രീദേവി മധു |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീമതി സെബ മുഹമ്മദാലി<br>ശ്രീമതി അമ്പിളി അശോകൻ<br>ശ്രീ. നൗഷാദ് പാറപ്പുറം<br>ശ്രീ. രാജി ആന്റണി |

## അദ്ധ്യായം 1

# പൊതുവിവരങ്ങൾ

ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ലയുടെ വടക്ക് ഭാഗത്തായി ആലുവ താലൂക്കിൽ വടക്ക് നെടുമ്പാശ്ശേരി പഞ്ചായത്തും വടക്ക് കിഴക്കായി നെടുമ്പാശ്ശേരി വിമാനത്താവളവും, കിഴക്ക് ഭാഗത്തായി ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തും, പടിഞ്ഞാറ് ഭാഗത്തായി കുന്നുകര ഗ്രാമപഞ്ചായത്തും തെക്ക് പടിഞ്ഞാറ് പെരിയാർ നദിയും അതിർത്തി പങ്കിട്ട് സ്ഥിതി ചെയ്യുന്നു. ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ പഞ്ചായത്തിന്റെ ഹൃദയഭാഗത്തുള്ള മുനിക്കൽ ഗുഹാലയ ക്ഷേത്രത്തിൽ പണ്ട് ജംഗമമുനി എന്ന് പേരായ ഒരു മഹർഷി തപസ് ചെയ്തിരുന്നു. ഈ മഹർഷിയുടെ പേരിൽ ഈ നാട് ആദ്യം ജംഗമനാട് എന്നറിയപ്പെടുകയും പിന്നീട് ഈ പേർ ലോപിച്ച് ചെങ്ങമനാട് എന്നായി മാറുകയും ചെയ്തു.

15.58 ച.കി.മീറ്റർ വിസ്തൃതി വരുന്ന ഈ പഞ്ചായത്തിനെ 19 വാർഡുകളായി തിരിച്ചിരിക്കുന്നു. 1949 കാലഘട്ടത്തിൽ നെടുമ്പാശ്ശേരി വില്ലേജ് യൂണിയൻ എന്ന നാമധേയം സർക്കാർ ഉത്തരവ് പ്രകാരം ചെങ്ങമനാട് പഞ്ചായത്ത് എന്നാക്കി മാറ്റി. ആദ്യകാലത്ത് പറമ്പയത്ത് പീടികയുടെ മുകളിലും, ദേശത്ത് കൂക്കാംപാറ കെട്ടിടത്തിലും വാടകയ്ക്കാണ് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്. 1965 കാലഘട്ടത്തിൽ പഞ്ചായത്തിന്റെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലേക്കായി.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചെങ്ങമനാട് പഞ്ചായത്ത് |
| ആസ്ഥാനം | : | പറമ്പയം |
| വില്ലേജ് | : | ചെങ്ങമനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | പാറക്കടവ് |
| താലൂക്ക് | : | ആലുവ |
| ജില്ല | : | എറണാകുളം |
| വിസ്തീർണ്ണം | : | 15.58 ച.കി. മീറ്റർ |
| വാർഡുകളുടെ എണ്ണം | : | 19 |
| ജനസംഖ്യ | : | 27978 |
| സ്ത്രീകൾ | : | 14279 |
| പുരുഷന്മാർ | : | 13699 |
| പട്ടികജാതി ജനസംഖ്യ | : | 2156 |
| സ്തീകൾ | : | 1106 |
| പുരുഷന്മാർ | : | 1050 |

### അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | കുന്നുകര ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | ആലുവ മുൻസിപാലിറ്റി |

വിമാനത്താവളത്തോട് അടുത്ത് കിടക്കുന്ന ഈ പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് വ്യവസായ സംരംഭത്തിന് വളരെ യോജിച്ച പ്രദേശമാണ്. ഈ പഞ്ചായത്തിന് അഭിമാനമായി എൻ.എച്ച്. 544 സിരാഭാഗത്തു കൂടി കടന്നു പോകുന്നു.

## അദ്ധ്യായം 2

# 2025-26 വാർഷിക പദ്ധതി അവലോകനം

2025-26 വാർഷിക പദ്ധതിയ്ക്കായി പൊതുവിഭാഗത്തിൽ 2,02,56,000 രൂപയും പ്രത്യേക ഘടക പദ്ധതിയിൽ 64,60,000 രൂപയുമാണ് പദ്ധതി വിഹിതമായി ലഭ്യമായത്. കൂടാതെ കേന്ദ്രധനകാര്യകമ്മീഷൻ വിഹിതമായി ബേസിക് ഗ്രാന്റിനത്തിൽ 28,80,000 രൂപയും പ്രത്യേക ഉദ്ദേശ ഗ്രാന്റിനത്തിൽ 43,20,000 രൂപയും ലഭ്യമായിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ 1,87,29,000 രൂപയും നോൺ റോഡ് വിഭാഗത്തിൽ 64,61,000 രൂപയും ലഭിച്ചിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

### ഉൽപാദന മേഖല

ഉൽപാദന മേഖലയിൽ 48,61,440 രൂപ പൊതുവിഭാഗം വികസനഫണ്ട് വകയിരിത്തിയിട്ടുണ്ട്. പാലിന് സബ്സിഡി, വാഴകൃഷി വികസനം, സമഗ്ര പുരയിടകൃഷി വികസനം, ഞങ്ങളും കൃഷിയിലേക്ക്, അടുക്കള മുറ്റത്തെ കോഴിവളർത്തൽ, കറവപ്പശുവിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, പേവിഷ നിയന്ത്രണ പരിപാടി എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആഫ്രിക്കൻ ഒച്ച് നിർമ്മാർജ്ജനം, പോത്തുകുട്ടി വിതരണം എന്നിവ നടന്നുവരുന്നു.

### സേവന മേഖല

ഐ.കെ.എം. വിഹിതം,,, എസ്.എസ്.കെ. എന്നീപദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് ഉപകരണങ്ങൾ, എസ്.സി. വീട് മെയിന്റനൻസ്, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും, പാലിയേറ്റീവ് കെയർ, ലൈഫ്, ബയോബിൻ, തുറന്ന കിണർ ശുചിത്വ കണറാക്കി മാറ്റൽ എന്നീ പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു.

### പശ്ചാത്തല മേഖല

നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും റോഡുകളുടെ പുനർനിർമ്മാണത്തിനും പൊതുകെട്ടിടങ്ങളുടെ മെയിന്റനൻസിനുള്ള പ്രവൃത്തികൾ പലതും നിർവ്വഹണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ടാറിംഗ് ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് ടെണ്ടർ ലഭ്യമാകാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലാവുന്ന സാഹചര്യമാണ്. ജലജീവൻ പൊളിച്ച പല റോഡുകളും പഞ്ചായത്ത് ടാറിംഗ് നടത്തിവരുന്നു.

## അദ്ധ്യായം 3

# പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും

## 1. പൊതു ഭരണവും ധനകാര്യവും

പഞ്ചായത്തിനു അതാതുവർഷങ്ങളിൽ ലഭിക്കുന്ന പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ് എന്നിവയ്ക്കു പുറമേ പഞ്ചായത്തിൽ തനതു ഫണ്ടുകൂടി ഉൾപ്പെടുത്തിയാണ് ഓരോ വർഷവും വികസന പ്രവർത്തനങ്ങൾക്ക് നാം രൂപം കൊടുത്തുവരുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നിർബന്ധമായും ഏറ്റെടുക്കേണ്ട പദ്ധതികൾക്ക് ആവശ്യമായ തുക വക മാറ്റുകയും ഒപ്പം തന്നെ മേഖലാ വിഭജന മാനദണ്ഡങ്ങൾ പാലിക്കപ്പെടുകയും ചെയ്യുമ്പോൾ ഗ്രാമസഭാ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് പ്രയോജനകരമായിരുന്ന തനതുഫണ്ടിന്റെ ലഭ്യത കുറവ് വികസന പ്രവർത്തനങ്ങൾക്ക് തടസമായി എന്നത് വസ്തുതയാണ്.

| | 2025-26 വർഷം വികസനപ്രവർത്തനങ്ങൾക്ക് വകയിരുത്താൻ കഴിഞ്ഞ തുക | 2026-27 ൽ കരടുപദ്ധതിരേഖ പ്രകാരം വകയിരുത്താൻ കഴിയുന്ന തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2,02,56,000.00 | 3,29,46,000.00 |
| എസ്.സി.പി | 64,60,000.00 | 66,87,000.00 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1,87,29,000.00 | 1,67,53,000.00 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 64,61,000.00 | 70,69,000.00 |
| ധനകാര്യകമ്മീഷൻ അടിസ്ഥാന വിഹിതം | 28,80,000.00 | 00 |
| ധനകാര്യകമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 43,20,000.00 | 00 |
| ആകെ | 5,91,06,000.00 | 6,34,55,000.00 |

നടപ്പുവർഷം നടപ്പിലാക്കിയ പ്രൊജ്ടുകളിൽ അടിസ്ഥാന ആവശ്യങ്ങളായ വൈദ്യുതി, പാർപ്പിട സൗകര്യം എന്നീ മേഖലകളിൽ നടപ്പിലാക്കിയ പ്രൊജക്ടുകൾ പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാൻ കഴിഞ്ഞവയാണ്. പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിലവാരം ഉയർത്തുന്നതിന്റേയും ഭാഗമായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നിലനിർത്താനായി എന്നത് വലിയൊരു നേട്ടമാണ്. മാലിന്യസംസ്കരണത്തിനായി ഹരിതകർമ്മസേന എന്ന പദ്ധതി ഫലപ്രദമായി നടപ്പിലാക്കി.

ആസ്തി സംരക്ഷണത്തിനായി മെയിന്റനൻസ് ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞു. അനുബന്ധ സ്ഥാപനങ്ങളിലും ആവശ്യമായ കമ്പ്യൂട്ടർ സൗകര്യങ്ങൾ ലഭ്യമാക്കി കഴിഞ്ഞു. KSmart സംവിധാനത്തിലൂടെ സേവനങ്ങൾ ത്വരിതഗതിയിലാക്കാൻ സാധിച്ചു.

## 2. കൃഷി– അനുബന്ധമേഖല

ശക്തമായ ഒരു കാർഷിക പാരമ്പര്യവും സംസ്കാരവുമുള്ള ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ പത്ത് വർഷങ്ങളിൽ കാർഷിക മേഖലയിൽ വൻ വ്യതിയാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വർധിച്ചുവരുന്ന നഗരവത്കരണം മൂലം മൂന്ന് പൂപ്പ് നെൽപ്പാടങ്ങൾ പലതും വാഴ, കപ്പ, പച്ചക്കറി എന്നീ കൃഷികളിലേക്ക് ചുവടുമാറ്റം ഈ കാലയളവിൽ സംഭവിച്ചിട്ടുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ രൂക്ഷമായ തൊഴിലാളി ക്ഷാമം, കൃഷി ഉത്പാദനോപാധികളുടെ വർധിച്ച വില, സ്ഥിരമായ വിലനിലവാരത്തിന്റെ അഭാവം ഇവയെല്ലാം കൃഷിയിൽ നിന്നുമാറി മറ്റ് മേഖലകളിൽ ജീവിതമാർഗ്ഗം കണ്ടെത്താൻ ആളുകളെ നിർബന്ധിതരാക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ ഗ്രാമ പഞ്ചായത്തിലെ ശക്തമായ ഇടപെടൽ ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിന് അനിവാര്യമായി വന്നിരിക്കുന്നു. "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതി ഏറ്റെടുത്ത് കൃഷി മേഖലയെ പ്രോത്സാഹിപ്പിക്കുന്നു. കൃഷിഭവൻ വഴി പച്ചക്കറികൃഷി, നെൽകൃഷി, വാഴകൃഷി, ജാതികൃഷി എന്നിവക്ക് സഹായം നൽകിവരുന്നു.

**കാർഷിക സ്ഥിതി വിവര കണക്കുകൾ**

| | | | |
|---|---|---|---|
| 1. | മൊത്തം ഭൂവിസ്തൃതി | - | 1558 ഹെക്ടർ |
| 2. | മൊത്തം കൃഷിയോഗ്യമായ ഭൂമി | - | 1017 ഹെക്ടർ |
| 3. | പുരയിട ഭൂമി | - | 902 ഹെക്ടർ |
| 4. | നിലം | - | 35 ഹെക്ടർ |
| 5. | സ്ഥിരം തരിശുനിലം | - | 106 ഹെക്ടർ |
| 6. | കൃഷിയോഗ്യമായ തരിശ് | - | 6.5 ഹെക്ടർ |

**1. വിളകളുടെ വിസ്തൃതി**

| | | | | |
|---|---|---|---|---|
| എ) | നെൽകൃഷി | 1. വിരിപ്പ്<br>2. മുണ്ടകൻ | - | 35 ഹെക്ടർ |
| ബി) | തെങ്ങ് കൃഷി | | - | 580 ഹെക്ടർ |
| സി) | കപ്പകൃഷി | | - | 60 ഹെക്ടർ |
| ഡി) | പച്ചക്കറി കൃഷി | | - | 15 ഹെക്ടർ |
| ഇ) | വാഴകൃഷി | | - | 120 ഹെക്ടർ |
| എഫ്) | സുഗന്ധവ്യജ്ഞനങ്ങൾ | | - | 34 ഹെക്ടർ |

**കൃഷിവകുപ്പ് മുഖേന നടപ്പിലാക്കേണ്ട പരിപാടികൾ**

സുസ്ഥിര നെൽകൃഷി വികസനം- ഗ്രൂപ്പ് ഫാമിംഗ് സംവിധാനം ശക്തിപ്പെടുത്തൽ ലക്ഷ്യമാക്കി നടത്തിവരുന്നു. കർഷകർക്ക് കൃഷി ഇറക്കുന്നതിനും നടത്തിപ്പിനും ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഉത്പാദനോപാധികൾ വിതരണം ചെയ്യുക

പച്ചക്കറി കൃഷി വികസന പരിപാടികൾ പച്ചക്കറി കൃഷിക്കാരെ സംഘടിപ്പിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി നടത്തുക. പച്ചക്കറി കൃഷിക്ക് ഉത്പാദനോപാധികൾ, കൂലിച്ചെലവ്, നിലമൊരുക്കൽ, സസ്യസംരക്ഷണം ഇവയ്ക്കുള്ള ചെലവിന് ഇൻസെൻറീവ് നൽകുക

പച്ചക്കറി കൃഷി വികസന പരിപാടി കേരള കർഷകരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് നിലവിലുള്ള തോട്ടങ്ങളുടെ സമഗ്ര വികസനത്തിനായി വിളപരിപാലനം, സസ്യസംരക്ഷണം, ജലസേചനം ഇവയ്ക്ക് ധനസഹായം നൽകുക

വാഴകൃഷി വികസനം. സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ വഴി പഞ്ചായത്തടിസ്ഥാനത്തിൽ ഏത്തവാഴ കർഷകർക്ക് കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ ധനസഹായം നൽകുക

കാലാകാലങ്ങളിൽ കൃഷിവകുപ്പ് വഴി നടപ്പിലാക്കുന്ന മറ്റ് പരിപാടികൾ നടപ്പിലാക്കുന്നു.

## 3. മൃഗസംരക്ഷണവും ക്ഷീരവികസനവും

കാർഷിക വൃത്തിയുടെ തകർച്ച മൂലം അതുമായി ബന്ധപ്പെട്ട് കിടക്കുന്ന മൃഗസംരക്ഷണ മേഖലയും തളർന്ന് വരികയാണ്. നഗരവത്കരണവും ആഗോളവത്കരണവും ഈ മേഖലയെ പിന്നോട്ട് നയിക്കുന്ന അവസ്ഥയാണ് കാണുന്നത്. കാലിത്തീറ്റ, പോത്ത്കുട്ടി, കോഴി വിതരണം, കുളമ്പ് രോഗ നിർണ്ണയം, പേവിഷബാധ എന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സാധിച്ചു. കാലിത്തീറ്റ സബ്സിഡി, പാലിന് സബ്സിഡി എന്നിവ നടപ്പിലാക്കി.

## 4. പ്രാദേശിക സാമ്പത്തിക വികസനം

ചെറുകിട വ്യവസായങ്ങളുടെ ഇന്നത്തെ വളർച്ചാ നിരക്ക് വളരെ മന്ദഗതിയിലാണ്. യുവതലമുറയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ സ്വയംതൊഴിൽ ചെയ്യാനുള്ള മനസ്സില്ലായ്മ ഈ മേഖലയിൽ നിന്നും പിന്തിരിപ്പിക്കുന്നു. 'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന പദ്ധതിയിലൂടെ ആപ്രശ്നത്തിന് ഒരു പരിഹാരം കാണുവാൻ സാധിക്കും. ജോബ് ഫെയറുകൾ നടത്തി ജോലി അന്വേഷകർക്ക് തൊഴിൽ ലഭ്യമാക്കുന്നു. വിജ്ഞാനകേരളം പദ്ധതി വഴി നൈപുണ്യപരിശീലനവും തൊഴിലും ലക്ഷ്യമിടുന്നു.

## 5. ദാരിദ്ര്യ ലഘൂകരണം

2009 ലെ ദാരിദ്ര്യ രേഖാ സെൻസസ് അനുസരിച്ച് 1982 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. മതിയാ

യ പോഷകാഹാരം, വസ്ത്രം, സുരക്ഷിതമായ പാർപ്പിടം എന്നിവ അടിസ്ഥാന ഘടകങ്ങളിൽ പാർപ്പിട സൗകര്യവും അതിനുള്ള ഭൂമിയും കണ്ടെത്തൽ ഒരു മുഖ്യ പ്രശ്നമായി നിലനിൽക്കുന്നു. പാർപ്പിട പ്രശ്നത്തിനു പൂർണ്ണ പരിഹാര മെന്ന ലക്ഷ്യമിട്ട് സർക്കാർ വിഭാവനം ചെയ്യുന്ന ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം ഭവന രഹിതരായ 182 കുടുംബ ങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുവാൻ സാധിച്ചു. ഭവനരഹിത ലിസ്റ്റിൽ ഉള്ള മുഴുവൻപേർക്കും ആനുകൂല്യം നൽകി. 149 കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തിയാക്കി.

## 6. സാമൂഹ്യനീതി

അംഗനവാടി പോഷകാഹാര പദ്ധതി മുടക്കം കൂടാതെ നടന്നുവരുന്നു. 22 അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളായി മാറി. ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായം, അങ്കണവാ ടികളുടെ പെയിന്റിംഗ്, ഭൗതീക സാഹചര്യങ്ങൾ നൽകൽ എന്നിവയ്ക്കുള്ള പദ്ധതികൾ പുരോഗതിയിലാണ്.

1. സ്വന്തമായി സ്ഥലമില്ലാത്തതാണ് അങ്കണവാടികൾ നേരിടുന്ന ഗുരുതര പ്രശ്നം. ചെങ്ങമനാട് ഗ്രാമ പഞ്ചായ ത്തിൽ നിലവിൽ 6 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. ഈ പ്രശ്നം പരിഹരിക്കുന്ന തിന് അടിയന്തിരമായി സ്ഥലം വാങ്ങി കെട്ടിടവും അടിസ്ഥാനസൗകര്യവും ഒരുക്കേണ്ടതാണ്. ഇങ്ങനെ സ്ഥലസൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ കുട്ടികൾക്ക് കളികളിലേർപ്പെടുവാനും അമ്മമാർ, കൗമാര പ്രായ ക്കാർ, വയോജനങ്ങൾ എന്നിവർക്കുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുവാനും സാധിക്കും. വാർഡ് 9 ൽ അംഗനവാടിക്കായി സ്ഥലം ലഭ്യമായിട്ടുണ്ട്.
2. ഭിന്നശേഷി കലാമേള സംഘടിപ്പിച്ചു. ഭിന്നശേഷിക്കാർ- ബഡ്സ് സ്കൂൾ പഞ്ചായത്ത് പരിധിയിൽ ഇല്ലാത്തതു മൂലം പലരും ബുദ്ധിമുട്ട് അനുഭവിക്കുന്നു. ബ്ലോക്ക് തലത്തിൽ സ്വയം തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും പൊതുസ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുകയും വേണം.

## 7. വനിതാ വികസനം

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി വനിതകൾക്കു ഗുണപ്രദവും സ്വയംപര്യാപ്തവുമായകുന്ന രീതി യിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## 8. പട്ടികജാതി – പട്ടികവർഗ്ഗ വികസനം

സ്വയംതൊഴിൽ സംരംഭം നടത്താൻ ഉദ്ദേശിക്കുന്നവർക്ക് ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നു. തുറന്നു കിണർ ശുചിത്വകിണറാക്കി മാറ്റാൻ അപേക്ഷകർക്ക് പദ്ധതി വഴി സഹായിച്ചിട്ടുണ്ട്. സ്വന്ത മായി കിണർ ഇല്ലാത്തതും, കെട്ടി സംരക്ഷിക്കാത്തതുമായ ധാരാളം വീടുകൾ ഇന്നും നിലവിലുണ്ട്. വിദ്യാഭ്യാസപര മായും, തൊഴിൽപരമായും ഇപ്പോഴും പിന്നോക്കം നിൽക്കുന്നതും പട്ടികജാതിക്കാർ തന്നെയാണ്. പഠനം പൂർത്തീക രിക്കാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർ, പെൺകുട്ടികളെ വിവാഹം ചെയ്തയക്കാൻ ബുദ്ധിമുട്ടുന്നവർ അങ്ങനെ സർക്കാർ ഭാഗത്തുനിന്നും ആനുകൂല്യങ്ങൾ വേണ്ടവിധത്തിൽ ഇപ്പോഴും അവർക്ക് ലഭിക്കുന്നില്ല. പലതര ത്തിലുള്ള നിയമപ്രശ്നങ്ങളും അവരെ ബാധിക്കുന്നു.

അടിസ്ഥാനപരമായി അവർക്ക് തൊഴിൽ ചെയ്യുന്നതിനുള്ള ഭൂമിയില്ല എന്നത് പ്രധാന കാരണം തന്നെയാണ്. പുറമ്പോക്കായി കിടക്കുന്ന ഭൂമി കണ്ടെത്തി വീതിച്ചുകൊടുക്കുക, വിദ്യാഭ്യാസപരമായി കുട്ടികളെ പഠനോപകരണ ങ്ങൾ നൽകി മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരിക. 60 വയസ്സു കഴിഞ്ഞ എല്ലാവർക്കും പെൻഷൻ എന്നി ങ്ങനെയുള്ള വികസന പ്രവർത്തനത്തിലൂടെ ഈ വിഭാഗക്കാരെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കും.

## 9. ആരോഗ്യം

15.58 ച.മീറ്റർ വിസ്തീർണ്ണമുള്ള ചെങ്ങമനാട് പഞ്ചായത്തിലെ ജനസംഖ്യ 27978 ആണ്. ഹോമിയോ, ആയുർവ്വേദം, അലോപതി വിഭാഗങ്ങളിലുള്ള സേവനം മെച്ചമായ രീതിയിൽ ലഭ്യമാക്കുക, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ് ഈ വിഭാഗം ലക്ഷ്യമിടുന്നത്.

ജീവിതശൈലീ രോഗങ്ങൾ ഇല്ലാതാക്കുന്നതിന് യോഗാ ക്ലാസ്സുകൾ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ കഴിഞ്ഞു.

അലോപ്പതി വിഭാഗത്തിന്റെ കീഴിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവത്കരണപരിപാടികൾ, സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി വിഹിതം ഉപയോഗിച്ച് മരുന്നുകൾ സൗജന്യമായി നൽകിവരുന്നു

## 10. കുടിവെള്ളം, ശുചിത്വം മുതലായവ

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി വാട്ടർ കണക്ഷൻ നൽകികൊണ്ടിരിക്കുന്നു. ബയോബിൻ പദ്ധതി നടപ്പിലാക്കിവരുന്നു.

പഞ്ചായത്തിലെ നിരത്തുകളിൽ നിന്നും വീടുകളിൽ നിന്നും മറ്റുമായി ഹരിതകർമ്മ സേനയുടെ സഹായത്തോടെ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ച് റി സൈക്ലിങ്ങ് യൂണിറ്റിലേക്ക് അയക്കുവാൻ കഴിഞ്ഞത് മാലിന്യ നിർമ്മാർജ്ജനത്തിൽ ഒരു വലിയ ചുവടുവയ്പ്പും മാതൃകാപരവുമായ പദ്ധതിയായിരുന്നു. MCF നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. പുറമ്പോക്ക് കണ്ടെത്തി MCF നിർമ്മിക്കാൻ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്. അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചു വരുന്നു.

## 11. വിദ്യാഭ്യാസം, കലയും സംസ്ക്കാരവും യുവജനകാര്യം

വിദ്യാഭ്യാസം - പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത, കളിസ്ഥലമില്ലായ്മ ഇവ പരിഹരിക്കേണ്ടത് ആവശ്യമാണ്. എന്നിരുന്നാലും സ്കൂൾ കെട്ടിടങ്ങൾ അറ്റകുറ്റപണി, ടോയ്ലറ്റ് സൗകര്യങ്ങൾ, കുടിവെള്ള സൗകര്യം എന്നിവയുടെ കാര്യത്തിൽ വളരെ മെച്ചപ്പെട്ട അവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ ആദരിച്ചു. ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് നൽകുന്നതിനും സാധിച്ചു.

പഞ്ചായത്തിന് പൊതുവായി കളിസ്ഥലമില്ല. വാർഡു തലത്തിലും കലാകായിക പരിശീലനത്തിനുള്ള സ്ഥലമില്ല. കളിസ്ഥലം നിർമ്മാണത്തിന് പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജി കേരളം പദ്ധതി വഴി ഡിജിറ്റൽ സാക്ഷരത കൈവരിക്കാനായിട്ടുണ്ട്.

## 12. പൊതുമരാമത്ത്

പഞ്ചായത്തിന് 50.78 കി.മീറ്റർ നീളം ടാർ റോഡും മെറ്റൽ റോഡ് 17.91 മീറ്ററും മണ്ണുറോഡ് 27.24 കി. മീറ്ററും കോൺക്രീറ്റ് റോഡ് 6.16 കി. മീറ്ററും ഉണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വാർഡുകളിൽ തൊഴിലുറപ്പ് ടൈൽ വിരിക്കൽ നടത്തി.

ജലജീവൻ പദ്ധതിക്ക് വേണ്ടി റോഡുകൾ വെട്ടിപ്പൊളിച്ചത് പുനസ്ഥാപിക്കാൻ കാലതാമസം നേരിടുന്നതിനാൽ പഞ്ചായത്ത് പദ്ധതി വഴി റോഡ് മെയിന്റനൻസ് നടത്താനാവാത്ത സാഹചര്യം നിലനിൽക്കുന്നു. പഞ്ചായത്ത് ഫണ്ട് ഉൾപ്പെടുത്തി ജലജീവൻ പൊളിച്ച റോഡുകൾ മെയിന്റനൻസ് നടത്തി വരുന്നു.

## അദ്ധ്യായം 4

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

സമൂഹത്തിലെ വിവിധമേഖലയിലും തലങ്ങളിലുമുള്ളവർക്ക് അർഹമായ പ്രാതിനിധ്യം നൽകി അവരുടെ ഇച്ഛാനുസരണം ഉള്ള പദ്ധതികൾ നടപ്പിൽ വരുത്തുക എന്നതാണ് പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്.

പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷത്തിൽ കാര്യക്ഷമത വർധിപ്പിച്ചും, നടപടിക്രമങ്ങൾ ലഘൂകരിച്ചും, സമയബന്ധിതമായി സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് പുതിയ ഭരണസമിതിയുടെ പ്രഥമ ലക്ഷ്യം.

നമ്മുടെ പഞ്ചായത്തിനെ മാലിന്യ വിമുക്തമാക്കുകയാണ് പ്രധാനം. കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി കൊണ്ടു കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ വികസന പദ്ധതികൾ നടപ്പിൽ വരുത്തുക എന്ന ഉദ്ദേശത്തോടെയാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

### ഹരിത കേരളം

കൃഷിക്കുപയോഗിക്കാതെ തരിശിടുന്ന ഭൂമിയിൽ, ഗ്രൂപ്പ് ഫാമിംഗ് വഴി പരമാവധി കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ജലസ്രോതസുകളെ മാലിന്യങ്ങളിൽ നിന്ന് മുക്തമാക്കി ജലസംരക്ഷണ സംവിധാനമൊരുക്കുക.

പരിസ്ഥിതി സൗഹൃദവും മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഭക്ഷ്യസുരക്ഷയ്ക്കായി കൃഷി പ്രോത്സാഹിപ്പിക്കുക.

പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായി ഒഴിവാക്കി ചെങ്ങമനാട് പഞ്ചായത്തിനെ മാലിന്യമുക്തമാക്കുക എന്ന പദ്ധതിയുമായി ഹരിതകർമ്മസേന സജീവമായി പ്രവർത്തിച്ചുവരുന്നു. വീടുകളിലെ ജൈവമാലിന്യം നിർമാർജനം ചെയ്യുന്നതിനായി ബയോബിൻ സംവിധാനം നടപ്പാക്കി വരുന്നു. അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നിയമനടപടി സ്വീകരിച്ചുവരുന്നു.

### പൊതുവിദ്യാഭ്യാസ സംരക്ഷണം

പഞ്ചായത്തിലുള്ള ഗവ.എൽ.പി സ്കൂളുകളുടെ ഭൗതീക അടിസ്ഥാന സൗകര്യ വികസനത്തിലൂടെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റി തീർക്കുന്നതിന് പദ്ധതിവഴി സാദ്ധ്യമായിക്കൊണ്ടിരിക്കുന്നു.

അംഗനവാടികളിൽ ശിശുസൗഹൃദ അടിസ്ഥാന സൗകര്യങ്ങളും കുട്ടികളിലെ കായിക കലാ പ്രതിഭ വികസനം സാധ്യമാക്കാനുള്ള സൗകര്യങ്ങളൊരുക്കുന്നു.

### ആർദ്രം

ചെങ്ങമനാട് മുഴുവൻ ജനങ്ങൾക്കും പ്രത്യേകിച്ച് അംഗ പരിമിതർ, വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ

എന്നിവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് മികച്ച സേവനങ്ങളും ആരോഗ്യ പ്രതിരോധ നടപടികൾ, ജീവിത ശൈലീ രോഗങ്ങൾ എന്നിവയ്ക്ക് ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന പി എച്ച് സി കളെ ജന സൗഹൃദമാക്കുക. ഏത് സമയത്തും ഡോക്ടറും നഴ്സും പരിചരണവും ലഭ്യമാക്കുന്ന കേന്ദ്രങ്ങളായി വളർത്തുക. 4 സബ്സെന്ററുകൾ വെൽനെസ്സ് ഹെൽത്ത് സെന്റർ ആക്കി ഉയർത്തി.

## പാർപ്പിടവും ജീവനോപാധികളും നൽകുന്ന ലൈഫ് പദ്ധതി

ഭൂരഹിത - ഭവന രഹിതർക്കും ഭവനരഹിതർക്കും പദ്ധതിയിൽ പാർപ്പിടം നൽകാനുള്ള കർമ്മ പദ്ധതിയായ ലൈഫ് മിഷൻ ഭവനപദ്ധതിവഴി ഭവനരഹിതർക്ക് വീട് നൽകുന്ന പദ്ധതി പൂർത്തിയായി വരുന്നു.

കലാ കായിക സാംസ്കാരിക വളർച്ച ലക്ഷ്യമിട്ടുക്കൊണ്ട് പ്ലേ ഗ്രൗണ്ട് സജ്ജമാക്കുക.

വനിതാ വികസനവുമായി ബന്ധപ്പെട്ട് ജാഗ്രതാ സമിതി, ജന്റർ ഹെൽപ്പ് ഡെസ്ക്കുകൾ, കൗൺസലിംഗ്, ജന്റർ സെൻസിറ്റേഷൻ ക്യാമ്പ് തുടങ്ങിയവ നടപ്പിലാക്കാനും കുട്ടികൾക്കും വനിതകൾക്കും സുരക്ഷിതവും സ്വതന്ത്രവുമായ അവസ്ഥ സൃഷ്ടിക്കുക.

## അതി ദാരിദ്ര്യ നിർമാർജന പദ്ധതി

പഞ്ചായത്തിലെ 19 വാർഡുകളിൽ നിന്നുള്ള 25 അതി ദരിദ്രർക്ക് വിവിധ പദ്ധതികളിലൂടെ സഹായം നൽകി വരുന്നു. വിവിധ വകുപ്പുകളും ആയി സംയോജിച്ച് മൈക്രോ പ്ലാനുകൾ നടപ്പിലാക്കി ജീവിത നിലവാരം ഉയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി പഞ്ചായത്തിനെ അതി ദാരിദ്ര്യമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചു. സാമൂഹിക നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു

## അദ്ധ്യായം 5

# വിഭവ വകയിരുത്തൽ

| | 2025- 26 ൽ അന്തിമപദ്ധതിരേഖ പ്രകാരം വകയിരുത്താൻ കഴിയുന്ന തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 3,29,46,000.00 |
| എസ്.സി.പി | 66,87,000.00 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1,67,53,000.00 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 70,69,000.00 |
| ധനകാര്യകമ്മീഷൻ അടിസ്ഥാന വിഹിതം | 00 |
| ധനകാര്യകമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 00 |
| ആകെ | 6,34,55,000.00 |

| വികസന ഫണ്ടിൽ നിന്നുള്ള നിർബന്ധിത വകയിരുത്തലുകൾ | |
|---|---|
| അംഗൻവാടി പോഷകാഹാരം | 30,50,000.00 |
| എസ്.എസ്.കെ. വിഹിതം | 6,75,000.00 |
| പാലിയേറ്റീവ് കെയർ | 13,00,000.00 |
| ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 20,00,000.00 |
| ആശ്രയ പദ്ധതി | 3,00,000.00 |
| ഐ.കെ.എം വിഹിതം | 84,790.00 |
| അതിദരിദ്രർ | 6,85,000.00 |

# അദ്ധ്യായം 6

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | പൊതുവിഭാഗം സാധാരണ വിഹിതം | എസ് സി പി | ടി എസ് പി | ധനകാര്യ കമ്മീഷൻ അവാർഡ് | ലോകബാങ്ക് സഹായം |
| (1) | (2) | (3) | | | (4) | (5) | (6) | (7) | (8) |
| | | **പൊതുവിഭാഗം** | | | | | | | |
| | | **ഉല്പാദനം** | | | | | | | |
| 1 | 7 | തെരുവ് നായ നിയന്ത്രണ പദ്ധതി എ ബി സി പ്രോജക്ട് | New | | 0 | 0 | 0 | 0 | 0 |
| 2 | 31 | കറവ പശുവിന് സബ്സിഡി | New | | 570000 | 0 | 0 | 0 | 0 |
| 3 | 57 | വിവിധ വാർഡുകളുടെ കനാലുകൾ തോടുകൾ കുളങ്ങൾ ഇറിഗേഷൻ കുളങ്ങൾ വൃത്തിയാക്കൽ റീച്ച് 1 | New | | 0 | 0 | 0 | 471667 | 0 |
| 4 | 61 | വാഴകൃഷി വികസനം | New | | 700000 | 0 | 0 | 0 | 0 |
| 5 | 68 | പോഷക സമൃദ്ധി മിഷൻ- പച്ചക്കറി വികസനം | New | | 100000 | 0 | 0 | 0 | 0 |
| 6 | 69 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | New | | 0 | 0 | 0 | 0 | 0 |
| 7 | 71 | കന്നുകാലികൾക്ക് ധാതുലവണ വിതരണം | New | | 139650 | 0 | 0 | 0 | 0 |
| 8 | 75 | പേവിഷ നിയന്ത്രണ പദ്ധതി | New | | 0 | 0 | 0 | 0 | 0 |
| 9 | 79 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ | New | | 456000 | 0 | 0 | 0 | 0 |
| 10 | 80 | കറവ പശുവിന് കാലിത്തീറ്റ സബ്സിഡി | New | | 540000 | 0 | 0 | 0 | 0 |
| 11 | 92 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | New | | 237500 | 0 | 0 | 0 | 0 |
| 12 | 107 | സമഗ്ര പുരയിട കൃഷി വികസനം- തെങ്ങിനും ജാതിക്കും വളം വിതരണം | New | | 700000 | 0 | 0 | 0 | 0 |
| 13 | 110 | മൃഗാശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ | New | | 0 | 0 | 0 | 0 | 0 |
| 14 | 111 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലൂടെ ഉല്പാദനോപാധികളുടെ വിതരണം | New | | 50000 | 0 | 0 | 0 | 0 |
| 15 | 112 | നെൽകൃഷി വികസനം | New | | 400000 | 0 | 0 | 0 | 0 |
| 16 | 117 | വെറ്ററിനറി ഡിസ്പെൻസറി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക ഇലക്ട്രോണിക് ഗാഡ്ജറ്റ് ടാബ്‌ലെറ്റ് വാങ്ങൽ | New | | 0 | 0 | 0 | 0 | 0 |
| 17 | 137 | സ്ഥിരം പച്ചക്കറി കൃഷി ധനസഹായം | New | | 100000 | 0 | 0 | 0 | 0 |
| 18 | 138 | ഇഞ്ചികൃഷി കർഷകർക്ക് ധനസഹായം | New | | 100000 | 0 | 0 | 0 | 0 |
| 19 | 139 | തെങ്ങിന്റെ മണ്ട ക്ലീൻ ചെയ്ത് മരുന്ന് തളിക്കൽ | New | | 300000 | 0 | 0 | 0 | 0 |
| 20 | 140 | ജാതിക്ക് മരുന്ന് തളിക്കൽ | New | | 100000 | 0 | 0 | 0 | 0 |
| 21 | 149 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ വ്യക്തിഗതം | New | വനിതാ ഘടക പദ്ധതി | 1710000 | 0 | 0 | 0 | 0 |

# പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

| പ്രത്യേക ഗ്രാന്റ് | കേന്ദ്രാവിഷ്കൃതഫണ്ട് | സംസ്ഥാനാവിഷ്കൃതഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ബ്ലോക്ക് പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിന്റനൻസ് ഫണ്ട് റോഡ് | മെയിന്റനൻസ് ഫണ്ട് റോഡിതരം | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|
| (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) |
| 0 | 0 | 0 | 400000 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 665000 | 1235000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 471667 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 567000 | 1267000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 139650 |
| 0 | 0 | 0 | 25000 | 0 | 0 | 0 | 0 | 0 | 0 | 25000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 38000 | 494000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 540000 | 1080000 |
| 0 | 0 | 237500 | 0 | 0 | 0 | 0 | 0 | 0 | 475000 | 950000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 175000 | 875000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 | 0 | 75000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 266480 | 716480 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 108000 | 0 | 108000 |
| 0 | 0 | 0 | 0 | 0 | 0 | 30000 | 0 | 0 | 0 | 130000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200400 | 500400 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 66800 | 166800 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1710000 |

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | പൊതുവിഭാഗം സാധാരണ വിഹിതം | എസ് സി പി | ടി എസ് പി | ധനകാര്യ കമ്മീഷൻ അവാർഡ് | ലോകബാങ്ക് സഹായം |
| (1) | (2) | (3) | | | (4) | (5) | (6) | (7) | (8) |
| 22 | 150 | വനിതകൾക്ക് സ്വയം തൊഴിലിന ഇരുചക്ര വാഹനം | New | വനിതാ ഘടക പദ്ധതി | 950000 | 0 | 0 | 0 | 0 |
| 23 | 153 | പാലിന് സബ്സിഡി | New | | 500000 | 0 | 0 | 0 | 0 |
| | | **ആകെ ഉല്പാദനം** | | | **7653150** | **0** | **0** | **471667** | **0** |
| | | **സേവനം** | | | | | | | |
| 24 | 3 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് | New | | 150000 | 0 | 0 | 0 | 0 |
| 25 | 8 | ഐ കെ എം വിഹിതം വാർഷിക വരിസംഖ്യ നൽകൽ 2026-27 | New | | 351802 | 0 | 0 | 0 | 0 |
| 26 | 10 | പഞ്ചായത്ത് ഹാളിലേക്ക് കസേര വാങ്ങൽ | New | | 150000 | 0 | 0 | 0 | 0 |
| 27 | 12 | ജനറേറ്ററിന് എ എം സി 2026-27 | New | | 0 | 0 | 0 | 0 | 0 |
| 28 | 13 | പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ പ്രിന്റർ കമ്പ്യൂട്ടർ വാങ്ങൽ | New | | 400000 | 0 | 0 | 0 | 0 |
| 29 | 14 | സി സി ടി വി ക്യാമറ എ എം സി | New | | 200000 | 0 | 0 | 0 | 0 |
| 30 | 24 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | New | | 0 | 0 | 0 | 0 | 0 |
| 31 | 29 | ചെങ്ങമനാട് ആയുഷ് ഹോമിയോ ഡിസ്പെൻസറി -ദൈനംദിന ചെലവുകൾ | New | | 0 | 0 | 0 | 0 | 0 |
| 32 | 37 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് യു പി എസ് വാങ്ങൽ | New | | 0 | 0 | 0 | 0 | 0 |
| 33 | 62 | അങ്കണവാടി അനുപൂരക പോഷകാഹാരം | New | | 1000000 | 0 | 0 | 0 | 0 |
| 34 | 65 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | New | | 1200000 | 0 | 0 | 0 | 0 |
| 35 | 66 | ഭിന്നശേഷി കലോത്സവം | New | | 75000 | 0 | 0 | 0 | 0 |
| 36 | 72 | ചെങ്ങമനാട് വനിതാ ശിശു വികസന ഓഫീസ് ദൈനംദിന ചിലവുകൾ | New | | 0 | 0 | 0 | 0 | 0 |
| 37 | 73 | കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ | New | വനിതാ ഘടക പദ്ധതി | 100000 | 0 | 0 | 0 | 0 |
| 38 | 74 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | New | ഭിന്നശേഷിയുള്ളവർ | 200000 | 0 | 0 | 0 | 0 |
| 39 | 81 | ചെങ്ങമനാട് വെറ്ററിനറി ഡിസ്പെൻസറി -ദൈനംദിന ചെലവുകൾ | New | | 0 | 0 | 0 | 0 | 0 |
| 40 | 82 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം | New | | 1000000 | 0 | 0 | 0 | 0 |
| 41 | 83 | ജില്ലാ സമഗ്ര ക്യാൻസർ നിയന്ത്രണം | New | | 0 | 0 | 0 | 0 | 0 |
| 42 | 84 | അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ | New | അതി ദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ | 25000 | 0 | 0 | 0 | 0 |
| 43 | 85 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | New | | 0 | 0 | 0 | 0 | 0 |
| 44 | 86 | അങ്കണവാടികൾക്ക് ഓഫീസ് കസേര | New | | 0 | 0 | 0 | 0 | 0 |

| പ്രത്യേക ഗ്രാന്റ് | കേന്ദ്രാവിഷ്കൃതഫണ്ട് | സംസ്ഥാനാവിഷ്കൃതഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ബ്ലോക്ക് പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിന്റനൻസ് ഫണ്ട് റോഡ് | മെയിന്റനൻസ് ഫണ്ട് റോഡിതരം | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|
| (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) | (18) | (19) |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 950000 |
| 0 | 0 | 0 | 0 | 0 | 170000 | 150000 | 0 | 0 | 0 | 820000 |
| **0** | **0** | **237500** | **425000** | **0** | **170000** | **230000** | **0** | **383000** | **2993680** | **12563997** |
| 0 | 0 | 0 | 150000 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 351802 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 0 | 0 | 0 | 25000 | 0 | 0 | 0 | 0 | 0 | 0 | 25000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 50000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |
| 0 | 2000000 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 3050000 |
| 0 | 0 | 0 | 0 | 0 | 600000 | 200000 | 0 | 0 | 0 | 2000000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 | 0 | 75000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1200000 | 0 | 1200000 |
| 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |

| ക്രമ നമ്പർ | പ്രോ നമ്പർ | പ്രോജക്റ്റിന്റെ പേര് | | | വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | എസ് സി പി | ടി എസ് പി | ധനകാര്യ കമ്മീഷൻ അവാർഡ് | ലോകബാങ്ക് സഹായം |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | | | (4) | (5) | (6) | (7) | (8) |
| 45 | 87 | ചെങ്ങമനാട് ആയുർവേദ ഡിസ്പെൻസറി ദൈനംദിന ചിലവുകൾ | New | | 0 | 0 | 0 | 0 | 0 |
| 46 | 88 | അങ്കണവാടികളിലെ വെയിംഗ് മെഷീൻ സീലിംഗ് | New | | 0 | 0 | 0 | 0 | 0 |
| 47 | 90 | വയോജനങ്ങൾക്കും കിടപ്പ് രോഗികൾക്കും കട്ടിൽ | New | വൃദ്ധർ | 413250 | 0 | 0 | 0 | 0 |
| 48 | 91 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | New | | 0 | 0 | 0 | 0 | 0 |
| 49 | 93 | ആംബുലൻസ് ഇതരചിലവുകൾ | New | | 400000 | 0 | 0 | 0 | 0 |
| 50 | 96 | വി ഇ ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | New | | 75000 | 0 | 0 | 0 | 0 |
| 51 | 98 | അസി എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | New | | 75000 | 0 | 0 | 0 | 0 |
| 52 | 99 | അസി എഞ്ചിനീയറുടെ ഓഫീസിലെ ദൈനംദിന ചിലവുകൾ | New | | 0 | 0 | 0 | 0 | 0 |
| 53 | 100 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ | New | | 0 | 0 | 0 | 0 | 0 |
